"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## ധനകാര്യ (ഐ റ്റി – സോഫ്റ്റ്‌വെയർ) വകുപ്പ്

നം. 91/2019–ധന

തീയതി, തിരുവനന്തപുരം : 21/11/2019

## പരിപത്രം

വിഷയം:– ഇ–ഗവേർണൻസ് – വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം (veels) – വാഹന സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:– 11/11/2019 ലെ പരിപത്രം നം.88/2019/ധന

ഇ-ഗവേർണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സൂചന പ്രകാരം നിർദേശം നൽകിയിരുന്നു.

നിശ്ചിത കാലയളവിനുള്ളിൽ കൃത്യമായ വിശദാംശങ്ങൾ ലഭ്യമായി എന്ന് ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. വീൽസ് ഡാറ്റാബേസിൽ 31-12-2019 ന് മുൻപ് വിവരങ്ങൾ പൂർണമായും ഉൾകൊള്ളിച്ചിരിക്കണം.

2. അടുത്ത ബഡ്ജറ്റിലേക്ക് വാഹനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ വീൽസ് ഡാറ്റാബേസിൽ നിന്നും ശേഖരിക്കുന്നതിനാൽ വിവരങ്ങൾ പൂർണവും കൃത്യവുമാണെന്ന് നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

3. എല്ലാ നിയന്ത്രണാധികാരികൾക്കും 1800-425-1857 എന്ന ടോൾ ഫ്രീ Helpline നമ്പറിലേക്ക് വിളിച്ച് വീൽസിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ് .

4. ധനകാര്യ പരിശോധന സംസ്ഥാന/ ജില്ലാ വിഭാഗങ്ങൾ വീൽസിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡാറ്റയുടെ കൃത്യത സംബന്ധിച്ച് പരിശോധന കൂടി അവരുടെ പരിശോധനാ ക്രമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

മനോജ് ജോഷി

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ തലവൻമാർക്കും.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് , തൃശ്ശൂർ.
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം.
രജിസ്ട്രാർ, കേരള ഹൈ ക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (അക്കൗണ്ട് സ് എ,ബി,സാങ്കേതികേതര പരിശോധന) വകുപ്പ് .
ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ (JDITSF/27/2019-FIN-E.1339818)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.JDITSF/27/2019-FIN

"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (ഐ റ്റി – സോഫ്റ്റ്‌വെയർ) വകുപ്പ്**

നം.88/2019/ധന

തീയതി, തിരുവനന്തപുരം : 11/11/2019

## <u>പരിപത്രം</u>

വിഷയം :- ഇ-ഗവേർണൻസ് – വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം (veels) – വാഹന സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

ഇ-ഗവേർണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. ധനകാര്യ (ഐ.റ്റി) സോഫ്റ്റ് വെയർ വിഭാഗം ഇതിനായി വികസിപ്പിച്ച വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ ആയ വീൽസ്, [www.veels.kerala.gov.in] മുഖേനയാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ എല്ലാ നിയന്ത്രണാധികാരികളും www.veels.kerala.gov.in ൽ ആവശ്യമായ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ വിവരങ്ങൾ പരിശോധിച്ച ശേഷം SMS ആയി username, password എന്നിവ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ലഭ്യമാക്കുന്നതാണ്. തുടർന്ന് ലോഗിൻ ചെയ്ത പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള യൂസർ മാന്വൽ പ്രകാരം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉപയോഗത്തിലുള്ളതും അല്ലാത്തതുമായ [വാടക/കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന] എല്ലാത്തരം വാഹനങ്ങളുടെ വിവരങ്ങളും ഡ്രൈവർമാരുടെ (സ്ഥിരം/ താത്ക്കാലികം) വിവരങ്ങളും ടി വീൽസ് സോഫ്റ്റ് വെയർ -ൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച കാലാകാലങ്ങളിൽ വരുന്ന എല്ലാ മാറ്റങ്ങളും അപ്ഡേറ്റ് ചെയ്യേണ്ടതു അതാത് നിയന്ത്രണാധികാരിയുടെ പ്രധാന ഉത്തരവാദിത്വം ആയിരിക്കും.

**മനോജ് ജോഷി**
അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പു തലവൻമാർക്കും.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് യൂണിവേഴ്സിറ്റി, തൃശ്ശൂർ.
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (അക്കൗണ്ട്സ് എ,ബി) വകുപ്പ്.
ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ (JDITSF/27/2019-FIN-E.1339818)

ഉത്തരവിൻ പ്രകാരം

Anilkts

സെക്ഷൻ ഓഫീസർ